# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 ജൂലൈ 11, തിങ്കൾ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

11 (*91) **ഭൂരഹിതരില്ലാത്ത കേരളം പദ്ധതി**

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) നൽകിയ മറുപടിയിൽ, സ്വന്തമായി ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് മൂന്ന് സെന്റ് ഭൂമി വീതം നൽകി കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കുകയെന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത '*ഭൂരഹിതരില്ലാത്ത കേരളം*' പദ്ധതി പ്രകാരം ഇതുവരെ 29,875 കുടുംബങ്ങൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പദ്ധതിയുടെ ഏകോപനത്തിനായി സംസ്ഥാന തലത്തിൽ ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെയും ജില്ലാ തലത്തിൽ ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.)-ന്റെയും നേതൃത്വത്തിൽ സ്പെഷ്യൽ സെല്ലുകൾ നിലവിലുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം അർഹരായവർക്കെല്ലാം ഭൂമി നൽകുന്നതാണെന്നും ഭൂമി ലഭ്യമാകുന്ന മുറയ്ക്ക്

വാസയോഗ്യമല്ലാത്ത ഭൂമി ലഭിച്ചവരുടെ പരാതികൾ പരിഹരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. ഇടുക്കി ജില്ലയിലെ തോട്ടം തൊഴിലാളികൾക്ക് പട്ടയം നൽകുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. പരിമിതികളുള്ളിൽ നിന്നുകൊണ്ട് ഭൂമി വാങ്ങുന്നതിന് നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ധനകാര്യവും കയറും വകുപ്പുമന്ത്രി വ്യക്തമാക്കി.

12 (*92) **ഭൂമിയുടെ ന്യായവില**

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, ഭൂമി സ്ഥിതിചെയ്യുന്ന പ്രദേശത്തിന്റെ വികസനാവസ്ഥ; ടി ഭൂമിക്ക് കമ്പോളങ്ങൾ, ബസ് സ്റ്റേഷനുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഫാക്ടറികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുമായുള്ള സാമീപ്യം; ഭൂമിശാസ്ത്രപരമായ കിടപ്പ്, ഉല്പാദനശേഷി, കൃഷിച്ചെലവ് എന്നിവ പരിഗണിച്ച് ഭൂമിയെ 15 ക്ലാസിഫിക്കേഷനുകളായി തിരിച്ച് ന്യായവില നിശ്ചയിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ന്യായവില നിശ്ചയിക്കാത്ത വില്ലേജുകളിലെയും സർവ്വേ നമ്പരുകളിലെയും ഫെയർവാല്യൂ നിർണ്ണയം അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ജില്ലാ രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ന്യായവില നിർണ്ണയത്തിലെ ആക്ഷേപങ്ങളിന്മേൽ അപ്പീൽ സമർപ്പിക്കുന്നതിനുള്ള കാലപരിധി ഒരു വർഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. അപ്പീലുകളിന്മേലുള്ള ജില്ലാ

കളക്ടർമാരുടെ തീരുമാനത്തിൽ അതൃപ്തിയുണ്ടെങ്കിൽ ആയത് പുനഃപരിശോധിക്കുന്നതിന് വ്യവസ്ഥയുണ്ട്. കേരള സ്റ്റാമ്പ് ആക്ടിൽ വരുത്തിയ ഭേദഗതി വ്യവസ്ഥ പ്രകാരം 01-04-2010-ൽ നിലവിൽ വന്ന ന്യായവിലയിൽ 50 ശതമാനം വർദ്ധന വരുത്തി 14-11-2014-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിയതമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നീതിയുക്തമായി ന്യായവില പുതുക്കി നിശ്ചയിക്കുന്നതിനായി 09-07-2015-ലെ ഉത്തരവ് പ്രകാരം റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി 11 അംഗ സംസ്ഥാനതല സബ്കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഭൂമി വിൽക്കുന്നവർക്ക് ആധാരം സ്വമേധയാ എഴുതാൻ അവകാശം നൽകുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ലെന്നും അപേക്ഷ നൽകുന്ന ദിവസംതന്നെ രജിസ്ട്രാർ ആഫീസിൽ നിന്നും സർട്ടിഫിക്കറ്റുകൾ ഇഷ്യൂ ചെയ്യുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

13 (*93) **<u>സർക്കാർ വിദ്യാലയങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി</u>**

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) നൽകിയ മറുപടിയിൽ, സാങ്കേതികവിദ്യ കൂടുതൽ പ്രയോജനപ്പെടുത്തിയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചും കൂടുതൽ സ്മാർട്ട് ക്ലാസ് റൂം സൗകര്യം ഏർപ്പെടുത്തിയും അദ്ധ്യയന ദിവസങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചും സർക്കാർ സ്കൂളുകളെ ഘട്ടംഘട്ടമായി അന്താരാഷ്ട്ര നിലവാരമുള്ള സ്കൂളുകളാക്കി

മാറ്റുന്നതിനാണ് ശ്രമിക്കുന്നതെന്ന് സഭയെ അറിയിച്ചു. പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പാഠ്യപദ്ധതിയിലും അദ്ധ്യാപക സമീപന രീതിയിലും ശാസ്ത്രീയമായ മാറ്റംവരുത്തി സൗജന്യ ഉച്ചഭക്ഷണം; സൗജന്യ യൂണിഫോം; എട്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് സൗജന്യ പാഠപുസ്തകം; തൊഴിൽ സാധ്യത കണ്ടെത്താൻ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം; കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പഠനം; മാതൃഭാഷാ പഠനം; ആധുനിക രീതിയിലുള്ള ഹൈടെക് ക്ലാസുകൾ; നല്ല ഇൻഫ്രാസ്ട്രക്ച്ചർ; നല്ല ക്യാമ്പസുകൾ; ബയോ ഡൈവേഴ്സിറ്റി പാർക്കുകൾ; ഇന്റർ-ഇൻട്രാ കണക്റ്റിവിറ്റിയിലൂടെ പ്രഗത്ഭരുടെ ക്ലാസുകൾ എന്നിവ ഓരോ കുട്ടിക്കും നൽകുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ശാസ്ത്രീയ പഠനത്തിനുശേഷം ആദിവാസി, തീരദേശ മേഖലകളിൽ പുതിയ സർക്കാർ സ്കൂളുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. മാനേജ്മെന്റ് സ്കൂളുകളിൽ ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങുന്നതുമായി ബന്ധപ്പെട്ട പരാതികൾ വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജൂലൈ 15-ന് മുമ്പ് സ്കൂളുകളിൽ പാഠപുസ്തകങ്ങൾ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അടുത്ത അധ്യയന വർഷം മുതൽ മൂന്ന് ഭാഗങ്ങളാക്കി യഥാസമയം പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള ശ്രമം നടത്തിവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

14 (*94) **<u>അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം</u>**

വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഹയർ സെക്കണ്ടറി, ബിരുദ വിദ്യാർത്ഥികൾക്ക് റഗുലർ പഠനത്തോടൊപ്പം താൽപര്യമുള്ള തൊഴിൽ മേഖലകളിൽ പരിശീലനം നൽകി തൊഴിൽക്ഷമത വർദ്ധിപ്പിക്കുകയെന്ന ഉദ്ദേശത്തോടെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ പ്രത്യേക തൊഴിൽ നൈപുണ്യ വികസന പദ്ധതിക്ക് 2012-13-ൽ തുടക്കം കുറിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 21 തൊഴിൽ മേഖലകളിലായി 96 തരം സ്കിൽ കോഴ്സുകളാണ് അസാപ് നടത്തിവരുന്നത്. പദ്ധതിക്ക് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ സാമ്പത്തിക സഹായവും നാഷണൽ സ്കിൽ ക്വാളിറ്റി ഫ്രെയിംവർക്ക് പ്രകാരമുള്ള കോഴ്സുകൾ പരിശീലിപ്പിക്കുന്നതിനായി കേന്ദ്രസർക്കാർ സ്ഥാപനങ്ങളായ നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (NSDC), സെക്ടർ സ്കിൽ കൗൺസിൽ (SSC)എന്നിവയുടെ സഹകരണവും ലഭിക്കുന്നുണ്ട്. സംസ്ഥാനത്തെ 92 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലും 18 സർക്കാർ കോളേജുകളിലും സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ (SDC) സ്ഥാപിച്ചിട്ടുണ്ട്. 15 കേന്ദ്രങ്ങളിൽ ആധുനിക പരിശീലന സംവിധാനങ്ങളുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ (CSP) നിർമ്മാണത്തിനുള്ള പ്രാരംഭനടപടികൾ പൂർത്തിയായിവരികയാണെന്നും ആർട്ട്സ് & സയൻസ് കോളേജുകളിലെ അവസാന വർഷ ഡിഗ്രി വദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യവും

ആശയവിനിമയ പാടവവും പരിശീലന നൈപുണ്യവും നൽകുന്നതിനും അസാപ്-ന്റെ സ്കിൽ ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളായി പരിഗണിക്കുന്നതിനുമായി ട്രെയ്നർ പാർട്ട്ണർ സ്കീം നിലവിലുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 689 മുതൽ 1002 വരെയുള്ള ചോദ്യങ്ങളിൽ 137 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * *